ഉത്തരം

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം അനുവദിച്ച 2,31,67,052 രൂപയിൽ 1,53,27,460 രൂപ ചെലവഴിച്ചു. ബാക്കിയുള്ള തുക ഈ വർഷം തന്നെ ചെലവഴിക്കുന്നതാണ്.

(ബി) ഈ വർഷം 16 പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) ഈ വർഷത്തെ പ്രോജക്ട് അംഗീകരിക്കുന്നതിനായിട്ടുള്ള സംസ്ഥാനതല കമ്മിറ്റി മാർച്ച് മാസത്തിൽ കൂടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനതല കമ്മിറ്റി കൂടിയതിനുശേഷമേ അംഗീകാരം നൽകുന്നതിനായി പരിഗണിക്കുകയുള്ളൂ.

കാർഷികോൽപ്പന്നങ്ങളുടെ വിലസ്ഥിരത നിലനിർത്താൻ നടപടി

160(2415) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോൽപ്പന്നങ്ങളുടെ വില സ്ഥിരത നിലനിറുത്താൻ കൃഷിവകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില നൽകി ശേഖരിക്കുന്നതിന് ഏതെല്ലാം സർക്കാർ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) ഉല്പന്നങ്ങൾ ശേഖരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനും സ്റ്റോറേജ് സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി ഈ ഏജൻസികൾക്ക് സഹായം നൽകുമോ ?

ഉത്തരം

(എ&ബി) കാർഷികോൽപ്പന്നങ്ങളുടെ വില സ്ഥിരത നിലനിർത്തുവാൻ കൃഷി വകുപ്പ് താഴെ കാണിച്ചിട്ടുള്ള ഇടപെടലുകൾ നടപ്പിലാക്കിവരുന്നു.

1. സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ കർഷകരുടെ ഉല്പന്നങ്ങൾ കൊണ്ടുവന്ന് ലേലം നടത്തി വിപണനം നടത്തുവാനുള്ള പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകാർ ആക്കി ആഴ്ചയിൽ ഒരു നിശ്ചിത ദിവസം അവരുടെ ഉല്പന്നങ്ങൾ വിപണിയിൽ വച്ച് ലേലം ചെയ്യുന്നു. പ്രസ്തുത ലേലങ്ങളിൽ കച്ചവടക്കാർ വില താഴ്ത്താതിരിക്കുവാൻ വേണ്ടി ഹോർട്ടികോർപ്പും ലേലങ്ങളിൽ പങ്ക് ചേരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുവേണ്ടി 50 ലക്ഷം രൂപ പ്രവർത്തന ഫണ്ടായി ഹോർട്ടികോർപ്പിന് നൽകിക്കഴിഞ്ഞു. ആനയറ ഒഴികെ ബാക്കിയുള്ള 5 മൊത്ത വ്യാപാര വിപണികളിലും ലേല നടപടികൾ ആരംഭിക്കുകയും കർഷകർക്ക് ന്യായമായ വില ലഭിക്കുന്ന കേന്ദ്രങ്ങളായി മാറ്റുകയും ചെയ്തിട്ടുണ്ട്.

2. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണനം ചെയ്യുന്നതിലേക്കായി 5000 രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 36 വില്പനശാലകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഇതിന് പുറമേ റസിഡൻസ് അസോസിയേഷനുകൾ മുഖേന 20 വിപണന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

3. വി.എഫ്.പി.സി.കെ. അവരുടെ സ്വാശ്രയ വിപണികൾ മുഖേന കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്തുന്നുണ്ട്.

4. സംസ്ഥാനത്തുല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് പുറമേ ഇവിടെ ലഭ്യമല്ലാത്ത മറ്റ് പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച് ന്യായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ട്.

5. കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് പുറമേ കാലാകാലങ്ങളിൽ പച്ചക്കറിയുടെ വില ക്രമാതീതമായി ഉയരുമ്പോൾ കൃഷി വകുപ്പ്, VFPCK, HORTICORP എന്നിവർ വിപണിയിൽ ഇടപെടൽ നടത്താറുണ്ട്. "മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റബിലൈസേഷൻ" എന്ന പദ്ധതി പ്രകാരം ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2010-11 വർഷത്തിൽ 505 ലക്ഷം രൂപ ഇതിന് വേണ്ടി അനുവദിച്ചിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആനയറ, നെടുമങ്ങാട്, മരട് മൂവാറ്റുപഴ എന്നീ വിപണികളിൽ കൂടുതൽ സ്റ്റോറേജ് സൗകര്യം സൃഷ്ടിക്കുന്നതിനുവേണ്ടി 30 ലക്ഷം രൂപ, 20 ലക്ഷം രൂപ, 25 ലക്ഷം രൂപ, 30 ലക്ഷം രൂപ യഥാക്രമം അനുവദിച്ചിട്ടുണ്ട്. ഇതിൽ ആനയറ വിപണിയിൽ ശീതീകരണ സ്റ്റോറേജ് സൗകര്യം സൃഷ്ടിക്കുന്നതാണ്. ഇതിന് പുറമേ RIDF പ്രകാരം മരട് മൊത്ത വ്യാപാര വിപണിയിൽ ശീതീകരണ സൗകര്യം ഉൾപ്പെടുന്ന അധിക അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിന് വേണ്ടി 500 ലക്ഷം രൂപയുടെ പ്രോജക്ട് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

GCPT. 2/778/2020.

LIBRARY ARCHIVES Kerala Legislative Assembly